8177
14/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- നിർഭയ ഷെൽട്ടർ ഹോം - തൃശ്ശൂർ ജില്ലയിൽ രാമവർമ്മപുരത്ത് പുതിയ കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 511/2014/സാനീവ തീയതി, തിരുവനന്തപുരം 08.08.2014.

---

പരാമർശം: 1) 27.6.2014 ലെ സാമൂഹ്യനീതി ഡയറക്ടറുടെ എഫ്5/24793/2014 നമ്പർ കത്ത്.
2) 21.7.2014 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സാമുഹ്യനീതി വകുപ്പിന്റെ കീഴിലുള്ള നിർഭയ ഷെൽട്ടർ ഹോമിന് തൃശ്ശൂർ ജില്ലയിൽ രാമവർമ്മപുരത്ത് പുതിയ കെട്ടിടം പണിയുന്നതിന് 2013 CPWD SOR പ്രകാരം 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ ''4235-02-103-99(പി)'' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 9 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും സാമുഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) 21.7.2014 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ രാമവർമ്മപുരത്ത് നിർഭയ ഷെൽട്ടർ ഹോമിന് പുതിയ കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകിയും ഇതിനായി 85 ലക്ഷം രൂപ (എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ ''4235-02-103-99(പി)''ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ,സാമുഹ്യനീതി വകുപ്പ്,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി(എ) വകുപ്പ്.
വെബ്ബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ